ഭാഗമായി 'പതിവ്' റദ്ദ് ചെയ്യുന്നതിന് യഥാർത്ഥ പട്ടയ കക്ഷികൾക്ക് നോട്ടീസ് ആദ്യമായി നൽകിയത് എന്നാണ്;

(സി) പ്രസ്തുത കക്ഷികളിൽ നിന്നും വിശദീകരണം ലഭിച്ചിട്ടും പതിവ് റദ്ദ് ചെയ്യുന്നതിന് അനന്തര നടപടി എടുക്കുന്ന കാര്യത്തിൽ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) വെളിയം വില്ലേജിലെ മറവൻകോട് മിച്ചഭൂമി കോളനി നിവാസികൾക്ക് കൈവശ ഭൂമി പതിച്ചു നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 30.7.1997-ൽ

(സി) നോട്ടീസിനുള്ള മറുപടിയിൽ മിക്ക കക്ഷികളും അവർ മിച്ചഭൂമി അന്യാധീനപ്പെടുത്തിയിട്ടില്ലെന്നും, മറ്റുള്ളവർ കയ്യേറിയിട്ടുള്ളതാണെന്നും തുടങ്ങി വിവിധ കാരണങ്ങൾ പറഞ്ഞിരുന്നു. ഈ കക്ഷികളുടെ മറുപടി വിശദമായ അന്വേഷണത്തിനായി കൊട്ടാരക്കര തഹസീൽദാർക്ക് കൊല്ലം ജില്ലാ കളക്ടർ അയച്ചു കൊടുത്തിരിക്കുകയാണ്. കൊട്ടാരക്കര തഹസീൽദാരുടെ റിപ്പോർട്ട് ലഭിച്ച ശേഷമേ ഇക്കാര്യത്തിൽ അനന്തര നടപടികൾ എടുക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) ഇക്കര്യം പരിശോധിച്ചു വരികയാണ്.

കൈവശ രേഖ

64 (2861) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിച്ചഭൂമി സംബന്ധിച്ച എത്ര കേസ്സുകളിൽ തീരുമാനമായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) മിച്ചഭൂമി സംബന്ധിച്ച എത്ര കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്; ഈ കേസ്സുകൾ തീർക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) 1991 മുതൽ 1995 വരെയുള്ള കാലയളവിൽ കേരളത്തിൽ എത്ര പേർക്ക് പട്ടയം നൽകിയെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര ഹെക്ടർ മിച്ചഭൂമിയായി ഉണ്ടായിരുന്നു?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൊത്തം 193 ഭൂപരിധി നിർണ്ണയ കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്.

(ബി) മിച്ചഭൂമി സംബന്ധിച്ച് ഇനി നിലവിലുള്ള കേസ്സുകൾ 2738 എണ്ണമാണ്. ഈ കേസ്സുകൾ തീർപ്പ് കൽപ്പിക്കുന്നതിലേയ്ക്ക് കോടതി ആവശ്യപ്പെടുന്ന റിക്കാർഡുകളും മറ്റ് വിവരങ്ങളും കാലതാമസം കൂടാതെ കോടതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ലാന്റ് ബോർഡ് കൈക്കൊണ്ട് വരുന്നു. കൂടാതെ കേസ്സുകൾ അടിയന്തിരമായി തീർപ്പ് കൽപ്പിക്കുന്നതിലേയ്ക്ക് സത്വര നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന്

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ രണ്ടു ഗവൺമെന്റ് പ്ലീഡർമാരുടെ സേവനം ഇതിനായി വിട്ട് കിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 1991 മുതൽ 96 വരെയുള്ള കാലയളവിൽ മിച്ചഭൂമി നൽകിയതിലൂടെ 11211 പട്ടയം വിതരണം ചെയ്തിട്ടുണ്ട്. 700 ഹെക്ടർ മിച്ചഭൂമിക്കാണ് ഈ കാലയളവിൽ പട്ടയം വിതരണം ചെയ്തത്.

കൈവശരേഖ

65 (2862) ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാന പരിധി കുറഞ്ഞവർക്ക് സർക്കാർ പുറമ്പോക്ക് സൗജന്യമായി നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് കൈവശരേഖ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നപടികളുടെ പുരോഗതിയെന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ തോട്, പുഴ, കുളം, റോഡ്, പുറംമ്പോക്കുകൾ 1.1.1992 നു മുമ്പ് കൈവശം വച്ചനുഭവിക്കുന്നവർക്ക് കൈവശരേഖ നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് അർഹരായവർക്ക് കൈവശരേഖ നൽകിവരുന്നു.

റവന്യൂ പുറമ്പോക്കുകൾ

66 (2863) ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരാതിർത്തികളിൽ റവന്യൂ പുറംമ്പോക്കുകൾ എവിടെയെല്ലാം ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ സ്ഥലവും എത്ര സെന്റ് വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം നഗരത്തിലുള്ള ശ്രീമൂലം ക്ലബ്, ട്രിവാൻഡ്രം ക്ലബ് എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലം സർക്കാർ ഉടമസ്ഥതയിലുള്ളതാണോ;

(ഡി) എങ്കിൽ ഈ ക്ലബ്ബുകൾക്ക് സ്ഥലം വിട്ടുകൊടുത്തിട്ടുള്ളത് എന്ന് മുതൽക്കാണ് എന്നും അതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ഇ) നിലവിലുള്ള ലീഡ് നിരക്ക് എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly